പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 23.07.2012-ൽ മറുപടിക്ക്

ചോദ്യം നമ്പർ .769

# മത്സ്യമേഖലയിലെ കേന്ദ്രപദ്ധതികളുടെ പ്രവർത്തനം

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. പി. കെ. ഗുരുദാസൻ<br>" ജി. സുധാകരൻ<br>" എസ്. ശർമ്മ<br>" കെ. ദാസൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യമേഖലയിൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പദ്ധതികളുടെ ലക്ഷ്യവും നടന്ന പ്രവൃത്തികളും സംബന്ധിച്ച് വിശദമാക്കാമോ ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതികൾ<br>1) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി<br>ഈ പദ്ധതി പ്രകാരം ഒരു മത്സ്യത്തൊഴിലാളിക്ക് ഭവന നിർമ്മാണത്തിന് 50000 രൂപ ഗ്രാന്റായി നൽകുന്നു. 50000 രൂപയിൽ 25000 രൂപ കേന്ദ്ര വിഹിതവും 25000 രൂപ സംസ്ഥാന വിഹിതവുമാണ്. കേരളത്തിൽ 50000 രൂപ കൊണ്ട് ഭവന നിർമ്മാണം നടത്താൻ കഴിയാത്തതിനാൽ സംസ്ഥാന സർക്കാർ 1,50000 രൂപയും കൂടി ചേർത്ത് 2 ലക്ഷം രൂപ വീതം ഈ വർഷം മുതൽ അനുവദിച്ചു നൽകുന്നതാണ്.<br>2) സമ്പാദ്യ സമാശ്വാസ പദ്ധതി<br>1991-92 കാലം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പഞ്ഞമാസക്കാലത്തു വരുമാനം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. 2011-12 വർഷം 1,83000 പേരാണ് പദ്ധതിയിൽ ചേർന്നിട്ടുള്ളത്. സർക്കാർ വിഹിതമായി 21.57 കോടി രൂപയാണ് നൽകേണ്ടത്. ഇതിൽ 10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 11.57 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **3) <u>മത്സ്യത്തൊഴിലാളി അപകട മരണ ഇൻഷ്വറൻസ്</u>**<br>കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സജീവ മത്സ്യത്തൊഴിലാളികളേയും സർക്കാർ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ പ്രീമിയം തുക സർക്കാർ ബജറ്റിൽ കൂടി അനുവദിച്ച് നൽകുന്നു. 2012-13 ൽ 200 ലക്ഷം രൂപയാണ് സർക്കാർ ഈ ആവശ്യത്തിന് വകയിരുത്തിയിട്ടുള്ളത്. 2011-12 വർഷം 238466 മത്സ്യത്തൊഴിലാളികളെയാണ് ഇൻഷ്വർ ചെയ്തത്. അപകടമരണം, സ്ഥിരമോ ഭാഗീകമോ ആയ അവശതകൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. മരണം, കാണാതാവുക, പൂർണ്ണ അവശത എന്നിവയ്ക്ക് 3 ലക്ഷം രൂപയും ഭാഗീകമായ അവശതയ്ക്ക് പരമാവധി 150000 രൂപയും നഷ്ടപരിഹാരം നൽകുന്നു.<br>**4) <u>പരമ്പരാഗതയാനങ്ങൾക്ക് എഞ്ചിൻ സബ്സിഡി</u>**<br>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.യ്ക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ മാറ്റി വയ്ക്കാൻ അവയുടെ വിലയുടെ 50% തുക (പരമാവധി 30000 രൂപ വരെ) സബ്സിഡി നൽകുന്ന പദ്ധതിയാണിത്. ഈ ആവശ്യത്തിനായി 2012-13 വർഷം 40 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.<br>**5) <u>75% കേന്ദ്രാവിഷ്കൃത പദ്ധതി</u>**<br>ജല കൃഷി വികസനത്തിനായി 800 ലക്ഷം രൂപയാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 600 ലക്ഷം രൂപ കേന്ദ്ര വിഹിതവും 200 ലക്ഷം രൂപ സംസ്ഥാന വിഹിതവും ആകുന്നു. കർഷകർക്ക് പുതിയ കുളം നിർമ്മിക്കുന്നതിനും, നിലവിലുള്ള കുളം പുനരുദ്ധരിക്കുന്നതിനും മത്സ്യ വിത്ത്, തീറ്റ എന്നിവ വാങ്ങുന്നതിനും, |

| | | | |
|---|---|---|---|
| | | | ഹാച്ചറികൾ സ്ഥാപിക്കുന്നതിനും, അലങ്കാര മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും, റിസർവോയറുകളിൽ പെൻ കൾച്ചർ, കേജ് കൾച്ചർ എന്നിവ നടത്തുന്നതിനും ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തുന്നു.<br>**6)** <u>കുട്ടനാട് പാക്കേജ്</u><br><br>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാടൻ പ്രദേശങ്ങളിലെ പോള നീക്കം ചെയ്യുന്നതിനായി **Eradication of water hyacinth** എന്ന പദ്ധതിയ്ക്ക് **21.29** കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചിരുന്നു. നാളിതുവരെ **7.50** കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>**7)** <u>ഫ്രഷ് ഫിഷ് ടു ആൾ</u><br>പിടിച്ചെടുക്കുന്ന മത്സ്യം കേടു കൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുന്നതിനായി **75%** കേന്ദ്ര സഹായത്തോടെ **360** ലക്ഷം രൂപ അടങ്കൽ തുക വരുന്ന "ഫ്രഷ് ഫിഷ് ടു ആൾ" പദ്ധതി നടപ്പിലാക്കി വരുന്നു.<br>**8)** <u>കട്ടമരം മോട്ടോറൈസ് ചെയ്യുന്ന പദ്ധതി</u><br>**200** കട്ട മരങ്ങൾക്ക് ഒ.ബി.എം. നൽകുന്നതിനായി **50%** കേന്ദ്ര സഹായത്തോടെ **123** ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി, തിരുവനന്തപുരം, കൊല്ലം, എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.<br>**9)** <u>കടൽ സുരക്ഷാപദ്ധതി</u><br><br>സംസ്ഥാനത്തെ **9** തീരദേശ ജില്ലകളിലായി ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി **920** ലക്ഷം അടങ്കൽ തുക വരുന്ന "കടൽ സുരക്ഷ പദ്ധതി" നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | **10)** <u>മത്സ്യത്തുറമുഖങ്ങളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും</u><br><br>പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണവും വിപുലപ്പെടുത്തലും, പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് എന്നിവ കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണ്.<br><br>**a)** <u>വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം</u><br><br>**704** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികൾ ഒഴികെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>**b)** <u>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം</u><br><br>**1366** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ വാർഫ്, ലേലപ്പുര, മറ്റു അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തീകരിക്കുകയുണ്ടായി.<br>**c)** <u>കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം</u><br>**3545** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായി. വാർഫ്, ലേലപ്പുര എന്നിവയുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>**d)** <u>ചേറ്റുവ മത്സ്യബന്ധന തുറമുഖം</u><br>**75%** കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി **3545** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പ്രവൃത്തിക്ക് **1772.48** ലക്ഷം രൂപയുടെ നബാർഡ് ധനസഹായവും ലഭിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റു പ്രവൃത്തികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | **e)** <u>തലായി മത്സ്യബന്ധന തുറമുഖം</u><br>**50%** കേന്ദ്രാവിഷ്കൃത സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിക്ക് **1925.74** ലക്ഷം രൂപയുടെ കേന്ദ്രവിഹിതവും **1026.43** ലക്ഷം രൂപയുടെ നബാർഡ് ധനസഹായവും ലഭിച്ചിട്ടുണ്ട്.<br>**f)** <u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം</u><br>**75%** കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ട ഈ പദ്ധതിക്ക് **2906** ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും **800** ലക്ഷം രൂപ കേന്ദ്രസഹായം ലഭ്യമായിട്ടുള്ളതുമാണ്.<br>**g)** <u>കാസർഗോഡ് മത്സ്യബന്ധന തുറമുഖം (ആർ.കെ.വി.വൈ)</u><br>**2975** ലക്ഷം രൂപ ചെലവിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി **100%** കേന്ദ്ര സഹായത്തോടെ ഭരണാനുമതി ലഭ്യമായിട്ടുള്ള ഈ പദ്ധതിയുടെ പ്രധാന പ്രവൃത്തികളായ പുലിമുട്ടുകൾ, തീരസംരക്ഷണഭിത്തി മുതലായവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | പുതുതായി കേന്ദ്രസഹായത്തിനായി സമർപ്പിച്ച പദ്ധതികളും അംഗീകാരം ലഭിച്ചവയും സംബന്ധിച്ച് വിശദമാക്കാമോ ? | (ബി) | മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പ് വരുത്തുന്നതിനായി മത്സ്യാധിഷ്ഠിതമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 100 ഫിഷ് ഔട്ട്ലറ്റുകൾ (ഫിഷ് മെയ്ഡ് യൂണിറ്റുകൾ) സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതുതായി കേന്ദ്രസഹായത്തിനായി വലിയതുറ, അർത്തുങ്കൽ, താനൂർ, വെള്ളയിൽ, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ രൂപരേഖകൾ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ